**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1750** **11-10-2024 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളുടെ സ്റ്റാന്റിംഗ് കൗൺസൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഒരു അഭിഭാഷകൻ തന്നെ ഒരേസമയം ഒന്നിലധികം സർവകലാശാലകളുടെ സ്റ്റാന്റിംഗ് കൗൺസൽ ആയി പ്രവർത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അഭിഭാഷകരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇങ്ങനെ ഒരേ വ്യക്തി ഒന്നിലധികം സർവകലാശാലകളുടെ സ്റ്റാന്റിംഗ് കൗൺസൽ ആയി പ്രവർത്തിക്കുന്നത് സർവകലാശാലകൾ തമ്മിലുള്ള നിയമ വ്യവഹാരങ്ങളിൽ തർക്കം ഉടലെടുക്കാൻ കാരണമാകില്ലേയെന്നു സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രീ. പി.സി.ശശിധരൻ (അഡ്വക്കേറ്റ്, ബഹു. കേരള ഹൈക്കോടതി) തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, കാലിക്കറ്റ് സർവകലാശാല, ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല എന്നിവിടങ്ങളിൽ സ്റ്റാൻഡിംഗ് കൗൺസലാണ്. ഈ സർവകലാശാലകൾ ഏതെങ്കിലും തമ്മിൽ നിയമവ്യവഹാരതർക്കങ്ങൾ ഉണ്ടായിട്ടില്ലാത്തതിനാൽ പരിശോധിച്ചിട്ടില്ല. |
| (ബി) | വിദൂര വിദ്യാഭ്യാസ കോഴ്സ് നടത്തിപ്പുമായി ബന്ധപ്പെട്ട ഡബ്ല്യൂ.പി (സി) നമ്പറുകൾ 25807/2022, 24052/2022 എന്നീ കേസുകളിലും, ഡബ്ല്യൂ.പി (സി) നമ്പർ 28024/2022 ലും അനുബന്ധ കേസുകളിലും ഓപ്പൺ സർവകലാശാലയുടെ സ്റ്റാന്റിംഗ് കൗൺസൽ ആയി പ്രവർത്തിച്ച വ്യക്തി തന്നെ മറ്റു ചില സർവകലാശാലകളുടെയും സ്റ്റാന്റിംഗ് കൗൺസൽ ആയി ഹാജരായതു മൂലം പ്രസ്തുത സർവകലാശാലകളുടെ താത്പര്യം സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടതായി വിലയിരുത്തിയിട്ടുണ്ടോ; മേൽ കേസുകളിൽ പ്രസ്തുത സർവകലാശാലകൾ സ്വീകരിച്ച നിലപാട് വിശദമാക്കാമോ? | (ബി) | പ്രസ്തുത കേസുകളിൽ സർവകലാശാലകൾ പരസ്പരം എതിർ കക്ഷികളല്ല. |

സെക്ഷൻ ഓഫീസർ